**വളരെ അടിയന്തിരം**

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ് പി ഓ , 695033 ,
തിരുവനന്തപുരം
directorofpanchayat@gmail.com
0471-2327526 തീയതി : 15/11/2019

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കും
(നഗരകാര്യ ജോയിന്റ് ഡയറക്ടർ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

സർ,

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - മസ്റ്ററിങ് - സംബന്ധിച്ച്.

സൂചന: 13/11/2019 തീയതിയിലെ 650901/എസ്.എഫ്.സി ബി2/17/ധന നമ്പർ കത്ത്.

സൂചനയിലേക്കു ശ്രദ്ധക്ഷണിക്കുന്നു . സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന എല്ലാ ഗുണഭോക്താക്കളുടേയും മസ്റ്ററിംഗ് നടത്തുന്നതിന് സൂചനാ പ്രകാരം സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. മസ്റ്ററിംഗ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകൾ കർശനമായും പാലിക്കേണ്ടതാണ്.

1. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന എല്ലാ ഗുണഭോക്താക്കളും (നാളിതുവരെ പെൻഷൻ ലഭിക്കാത്ത എന്നാൽ പെൻഷൻ ഐഡി നമ്പർ ജനറേറ്റ് ചെയ്യപ്പെട്ടവർ ഉൾപ്പടെ) ബയോമെട്രിക് മസ്റ്ററിംഗ് ചെയ്യേണ്ടതാണ്.
2. ജീവൻരേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് കൊണ്ട് അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം മാത്രമാണ് മസ്റ്ററിംഗ് നടത്തേണ്ടത്.
3. സംസ്ഥാനമൊട്ടാകെ മസ്റ്ററിംഗ് നടത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന സമയക്രമം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതു ഗുണഭോക്താക്കളെ അറിയിക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ശ്രദ്ധിക്കേണ്ടതാണ്.

13.11.2019 മുതൽ 30.11.2019 വരെ മുനിസിപ്പാലിറ്റി / കോർപ്പറേഷനിലെ ഗുണഭോക്താക്കൾ

18.11.2019 മുതൽ 30.11.2019 വരെ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ

01.12.2019 മുതൽ 05.12.2019 വരെ കിടപ്പ് രോഗികളുടെ മസ്റ്ററിംഗ് .

4. 29.11.2019 നകം പ്രാദേശിക സർക്കാറുകളിൽ ലഭിക്കുന്ന കിടപ്പ് രോഗികളുടെ വിവരങ്ങൾ (ഗുണഭോക്താവിന്റെ കുടുംബാംഗം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയെ അറിയിക്കുന്നത്) പ്രാദേശിക സർക്കാർ സെക്രട്ടറി ബന്ധപ്പെട്ട അക്ഷയാ കേന്ദ്രത്തെ 30.11.2019 ന് അറിയിക്കേണ്ടതാണ്.
5. മസ്റ്ററിംഗിൻറെ ഫീസ് പൂർണ്ണമായും സർക്കാർ നൽകുന്നതാണ് . ആയതിനാൽ ഗുണഭോക്താവ് അക്ഷയയിൽ ഫീസ് നൽകേണ്ടതില്ല. ഏതെങ്കിലും അക്ഷയ കേന്ദ്രങ്ങൾ ഫീസ് വാങ്ങുന്നതായി പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ ശ്രദ്ധയിൽ വരുകയാണെങ്കിൽ ഉടനടി പ്രസ്തുത വിവരം ജില്ലാ അക്ഷയ കേന്ദ്രത്തെ അറിയിക്കേണ്ടതാണ്.
6. മസ്റ്ററിംഗ് നടത്താത്ത പെൻഷൻ ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കുന്നതല്ല. ആയതിനാൽ പെൻഷൻ ഗുണഭോക്താക്കൾ മാസ്റ്ററിങ് നടത്തുന്നതിന് പ്രാദേശിക സർക്കാർ തലത്തിൽ അറിയിപ്പുകൾ നൽകുന്നതിന്

സെക്രട്ടറിമാർ ശ്രദ്ധിക്കേണ്ടതാണ്.

7. മാന്വൽ മസ്റ്ററിംഗ് നടത്തുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഇൻഫർമേഷൻ കേരളാമിഷന്റെ ഡിസ്ട്രിക്ട് ടെക്നിക്കൽ ഓഫീസറുടേയോ, ടെക്നിക്കൽ അസിസ്റ്റന്റിന്റേയോ സഹായം തേടാവുന്നതാണ്.

വിശ്വസ്തതയോടെ

**DINESH KUMAR BK**
**JOINT DIRECTOR**
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

Signature valid

Digitally signed by B K
DINESH KUMAR
Date: 2019.11.15 15:13:43 IST
Reason: Approved